**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2470** — **19.06.2013** ൽ മറുപടിക്ക്

**അമ്പലപ്പുഴ മണ്ഡലത്തിൽ പുലിമുട്ട്/കടൽഭിത്തി നിർമ്മാണം**

| | ചോദ്യം<br>**ശ്രീ. ജി.സുധാകരൻ** | | മറുപടി<br>**ശ്രീ.പി.ജെ.ജോസഫ്**<br>**(ജലവിഭവവകുപ്പ് മന്ത്രി)** |
|---|---|---|---|
| (എ) | അമ്പലപ്പുഴ മണ്ഡലത്തിന്റെ തീരപ്രദേശങ്ങൾ കടലാക്രമണ ഭീഷണിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രദേശങ്ങളിൽ പുലിമുട്ട്/കടൽഭിത്തി നിർമ്മിക്കുന്നതിനുളള പദ്ധതി കേന്ദ്രസർക്കാരിനു സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പദ്ധതി സമർപ്പിച്ചത്; ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ തീരുമാനം എന്താണെന്ന് വിശദമാക്കുമോ; | (ബി) | ആലപ്പുഴ ജില്ലയുടെ തീരപ്രദേശങ്ങളിൽ 114 പുലിമുട്ടുകൾ നിർമ്മിക്കുന്നതിനുവേണ്ടി 435 കോടി രൂപയുടെ പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരുന്നു. എന്നാൽ 21.05.2012 ലെ 22.06.2012-Vol-5/KE-MON (T) 641-45 നമ്പർ കത്ത് പ്രകാരം കേന്ദ്ര ജലകമ്മീഷൻ പ്രസ്തുത പ്രൊപ്പോസൽ തിരികെ നൽകുകയാണുണ്ടായത്. |
| (സി) | പ്രസ്തുത പ്രദേശങ്ങളിൽ പുലിമുട്ട്/ കടൽഭിത്തി നിർമ്മിക്കുന്നതിനും വിടവുകൾ അടയ്ക്കുന്നതിനും തകർന്ന ഭാഗങ്ങൾ പുനർനിർമ്മിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | അമ്പലപ്പുഴ മണ്ഡലത്തിലെ പുറക്കാട് പഞ്ചായത്തിൽ 3 പുലിമുട്ടുകൾ നിർമ്മിക്കുവാൻ പദ്ധതി തയ്യാറാക്കിയതിൽ ഒരു പുലിമുട്ടിന് State Budget - ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി മണ്ഡലത്തിലെ കാക്കാഴം ഭാഗത്ത് 12-ാം ധനകാര്യകമ്മീഷനിൽ പൂർത്തീകരിക്കാൻ സാധിക്കാതിരുന്ന ഭാഗങ്ങൾ, കരാറുകാരനെ Risk and cost - ൽ terminate ചെയ്ത്, 13-ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഈ കാലവർഷക്കാലത്ത് കടലാക്രമണം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ഡി) | ആലപ്പുഴ തീരപ്രദേശങ്ങളിൽ കടലാക്രമണം തടയുവാൻ വേണ്ടി അടിയന്തിരപ്രവൃത്തികൾക്കായി 2.50 കോടി രൂപ ചീഫ് എഞ്ചിനീയർക്ക് അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**